**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2547** **13-02-2024 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി ഗവ. ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ഫണ്ട് മുഖേന നടപ്പിലാക്കുന്നതും കിറ്റ്കോ നിർവ്വഹണ ഏജൻസിയായിട്ടുള്ളതുമായ വടക്കാഞ്ചേരി മണ്ഡലത്തിലെ വടക്കാഞ്ചേരി ഗവ. ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | തൃശൂർ ജില്ലയിൽ വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന വടക്കാഞ്ചേരി ഗവൺമെന്റ് ബോയ്സ് ഹയർസെക്കന്ററി സ്കൂളിന്റെ നിർമ്മാണ പ്രവർത്തനത്തിന്റെ ആദ്യ പദ്ധതി നിർവ്വഹണ ഏജൻസിയായ കൈറ്റ് സമർപ്പിച്ച ഡിപിആർ കിഫ്ബി പരിശോധിക്കുകയും 4,86,00,000/- രൂപയുടെ ധനാനുമതി നൽകുകയും ചെയ്തിരുന്നു. തുടർന്ന്, ടി പ്രോജക്ട് ടെണ്ടർ ചെയ്യുകയും കരാറുകാരൻ വർക്ക് ആരംഭിക്കുകയും പ്രവൃത്തി പകുതി പൂർത്തീകരിക്കുകയും ചെയ്തു. എന്നാൽ ടി പദ്ധതിയുടെ പുരോഗതി മന്ദഗതിയിലായതിനാൽ പ്രസ്തുത കരാറുകാരനെ കൈറ്റ് ടെർമിനേറ്റ് ചെയ്യുകയും കരാർ റദ്ദാക്കുകയും ചെയ്തു. തുടർന്ന് ടി സ്കൂളിന്റെ ബാക്കി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസിയായ കൈറ്റിനു പകരം കിറ്റ്കോയെ നിയമിച്ച് സർക്കാർ ഉത്തരവിറക്കിയിരുന്നു. തുടർന്ന് കിറ്റ്കോ പ്രതിനിധികൾ സൈറ്റ് വിസിറ്റ് നടത്തുകയും ബാക്കി പ്രവൃത്തിയ്ക്കുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും കിഫ്ബിയിൽ നിന്നും 06.07.2023 ലെ നടപടിക്രമ നം. GED005-25/APR-2/2023/KIIFB പ്രകാരം 4,50,39,258/- രൂപയുടെ സാമ്പത്തികാനുമതി ടി പദ്ധതിയ്ക്ക് നൽകുകയും ചെയ്തിരുന്നു. തുടർന്ന്, കിറ്റ്കോ സാങ്കേതിക അനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ ആരംഭിച്ചു. ആദ്യ ടെണ്ടറിൽ ഒരു കരാറുകാരൻ മാത്രം പങ്കെടുത്തതിനാൽ റീ-ടെണ്ടർ ചെയ്തെങ്കിലും വീണ്ടും ഒരു കരാറുകാരൻ മാത്രമാണ് ടെണ്ടറിൽ പങ്കെടുത്തത്. കിഫ്ബി മാനദണ്ഡമനുസരിച്ച് സർക്കാർ രൂപീകരിച്ച ഒരു ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റിയാണ് ഈ ടെണ്ടറിന് അംഗീകാരം നൽകേണ്ടത്. നിലവിലുള്ള കമ്മിറ്റിയിലെ ഒരു അംഗം വിരമിക്കയാൽ പുതിയൊരു അംഗത്തെ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തി കമ്മിറ്റി പുനഃക്രമീകരിക്കാൻ കിറ്റ്കോ വിദ്യാഭാസവകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. ഇത് പ്രകാരം കമ്മിറ്റി രൂപീകരിച്ച് പ്രസ്തുത ടെൻഡറിന് കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് എസ്.പി.വി.യ്ക്ക് കാരാറുകാരനുമായി എഗ്രിമെന്റ് വച്ച് സൈറ്റ് ഹാൻഡ് ഓവർ ചെയ്യാവുന്നതാണ്. |
| (ബി) | നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | തൃശ്ശൂർ ജില്ലയിൽ വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന വടക്കാഞ്ചേരി ഗവൺമെന്റ് ബോയ്സ് ഹയർസെക്കന്ററി സ്കൂളിന്റെ നിർമ്മാണ പ്രവർത്തനത്തിന്റെ ആദ്യ പദ്ധതി നിർവ്വഹണ ഏജൻസിയായ കൈറ്റ് സമർപ്പിച്ച ഡിപിആർ കിഫ്ബി പരിശോധിക്കുകയും 4,86,00,000/- രൂപയുടെ ധനാനുമതി നൽകുകയും ചെയ്തിരുന്നു. തുടർന്ന്, ടി പ്രോജക്ട് ടെണ്ടർ ചെയ്യുകയും കരാറുകാരൻ വർക്ക് ആരംഭിക്കുകയും പ്രവൃത്തി പകുതി പൂർത്തീകരിക്കുകയും ചെയ്തു. എന്നാൽ ടി പദ്ധതിയുടെ പുരോഗതി മന്ദഗതിയിലായതിനാൽ പ്രസ്തുത കരാറുകാരനെ കൈറ്റ് ടെർമിനേറ്റ് ചെയ്യുകയും കരാർ റദ്ദാക്കുകയും ചെയ്തു. തുടർന്ന് ടി സ്കൂളിന്റെ ബാക്കി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസിയായ കൈറ്റിനു പകരം കിറ്റ്കോയെ നിയമിച്ച് സർക്കാർ ഉത്തരവിറക്കിയിരുന്നു. തുടർന്ന് കിറ്റ്കോ പ്രതിനിധികൾ സൈറ്റ് വിസിറ്റ് നടത്തുകയും ബാക്കി പ്രവൃത്തിയ്ക്കുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും കിഫ്ബിയിൽ നിന്നും 06.07.2023 ലെ നടപടിക്രമ നം. GED005-25/APR-2/2023/KIIFB പ്രകാരം 4,50,39,258/- രൂപയുടെ സാമ്പത്തികാനുമതി ടി പദ്ധതിയ്ക്ക് നൽകുകയും ചെയ്തിരുന്നു. തുടർന്ന്, കിറ്റ്കോ സാങ്കേതിക അനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ ആരംഭിച്ചു. ആദ്യ ടെണ്ടറിൽ ഒരു കരാറുകാരൻ മാത്രം പങ്കെടുത്തതിനാൽ റീ-ടെണ്ടർ ചെയ്തെങ്കിലും വീണ്ടും ഒരു കരാറുകാരൻ മാത്രമാണ് ടെണ്ടറിൽ പങ്കെടുത്തത്. കിഫ്ബി മാനദണ്ഡമനുസരിച്ച് സർക്കാർ രൂപീകരിച്ച ഒരു ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റിയാണ് ഈ ടെണ്ടറിന് അംഗീകാരം നൽകേണ്ടത്. നിലവിലുള്ള കമ്മിറ്റിയിലെ ഒരു അംഗം വിരമിക്കയാൽ പുതിയൊരു അംഗത്തെ ഉൾപ്പെടുത്തി കമ്മിറ്റി പുനഃക്രമീകരിക്കാൻ കിറ്റ്കോ വിദ്യാഭാസവകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. ഇത് പ്രകാരം കമ്മിറ്റി രൂപീകരിച്ച് പ്രസ്തുത ടെൻഡറിന് കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് എസ്.പി.വി.യ്ക്ക് കാരാറുകാരനുമായി എഗ്രിമെന്റ് വച്ച് സൈറ്റ് ഹാൻഡ് ഓവർ ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ